മാരാരിക്കുളം സർവോദയപുരത്ത് അനുവദിച്ച കുടിവെള്ള പദ്ധതി പൂർത്തികരിക്കാൻ നടപടി

27(930) ശ്രീ. പി. ജെ. ഫ്രാൻസിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എം.എൽ.എ അദ്ധ്യക്ഷനായും വാട്ടർ അതോറിറ്റിയുടെ ചേർത്തല അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ കൺവീനറും ആയിട്ടുള്ള വാട്ടർ സപ്ലൈ അഡ്വൈസറി കമ്മിറ്റി ഒരു വർഷമായി വിളിച്ച് കൂട്ടാത്തതിന്റെ കാരണം വ്യക്തമാക്കുമോ ;

(ബി) മാരാരിക്കുളം വടക്ക് പഞ്ചായത്തിൽ പെരുസേർമംഗലം സെന്റ് ആന്റണീസ് പള്ളിക്ക് സമീപം പഞ്ചായത്തിൽ നിന്ന് ലഭ്യമാക്കിയ സ്ഥലത്ത് കുഴൽ കിണറിന്റെ നിർമ്മാണം കഴിഞ്ഞിട്ട് ഒരു വർഷം കഴിഞ്ഞുവെങ്കിലും നാളിതുവരെ ജലസംഭരണിയുടെ നിർമ്മാണത്തിന് ദർഘാസ് ക്ഷണിക്കാത്തതിന്റെ കാരണം വെളിപ്പെടുത്തുമോ ;

(സി) എ.ആർ.ഡബ്ലിയു.എസ്.എസ്.എൽ-ൽപ്പെടുത്തി മാരാരിക്കുളം നിയോജകമണ്ഡലത്തിൽ സർവോദയപുരത്ത് അനുവദിച്ച കുടിവെള്ള വിതരണപദ്ധതിയിൽ ജലസംഭരണിയുടെ നിർമ്മാണത്തിന് നേരിടാവുന്ന കാലതാമസം പരിഗണിച്ച് ജനങ്ങൾക്ക് കഴിയുന്നത്രവേഗം ജലവിതരണം നടത്തണമെന്ന ലക്ഷ്യത്തോടെ ഒരു വർഷത്തിനുമുൻപ് പമ്പ് ഹൗസും പൈപ്പ് ലൈനുകളും സ്ഥാപിച്ചിട്ടും നാളിതുവരെ വൈദ്യുതി ലഭ്യമാക്കി ജലവിതരണം നടത്താതിരുന്നതിന്റെ കാരണം വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത പദ്ധതിയിൽപ്പെട്ട ജലസംഭരണിയുടെ നിർമ്മാണത്തിന് ദർഘാസ് ക്ഷണിക്കുന്നതിന് കാലതാമസം വരുത്തുന്നതിന്റെ കാരണം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) അഡ്വൈസറി കമ്മിറ്റിയുടെ യോഗം അവസാനം നടക്കുന്നത് 30-10-1998-ൽ ആണ്. കൺവീനറായ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ മാറുകയും, താല്കാലിക അടിസ്ഥാനത്തിലുള്ള അസിസ്റ്റന്റ് എഞ്ചിനീയർമാർ മാറിമാറി നിയമിക്കപ്പെടുകയും ചെയ്തതിനാലും, ജനകീയാസൂത്രണ പരിപാടിയിൽ കൂടുതൽ ശ്രദ്ധ വേണ്ടിവരുന്നതുമൂലവും യഥാസമയം അഡ്വൈസറി കമ്മിറ്റി വിളിച്ച് ചേർക്കാൻ കഴിഞ്ഞിട്ടില്ല. ഉടൻ കമ്മിറ്റി വിളിച്ച് ചേർക്കുന്നതിന് നടപടിയെടുത്തിട്ടുണ്ട്.

(ബി) ജലസംഭരണിയുടെ പണി ടെണ്ടർ ചെയ്ത് കരാറുകാരനെ ഏൽപ്പിച്ചിരുന്നു. എന്നാൽ സ്ഥലം വിട്ടുകിട്ടുന്നതിനെച്ചൊല്ലി പൊർക്കിളശ്ശേരി ദേവസ്വവുമായി തൽക്കമുണ്ടായി. പിന്നീട് മറ്റൊരു സ്ഥലം കണ്ടെത്തി നൽകിയെങ്കിലും കരാറുകാരൻ പണി ചെയ്യാൻ തയ്യാറായില്ല. അതിനാൽ പുതിയ കരാറുകാരനെ കണ്ടെത്തുവാനുള്ള ശ്രമം നടന്നു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(സി) വൈദ്യുതി കണക്ഷൻ ലഭ്യമായി പമ്പ് സെറ്റ് സ്ഥാപിച്ച് പമ്പിംഗ് നടത്തി വരുന്നുണ്ട്. പദ്ധതി ഉടൻ ഭാഗികമായി കമ്മിഷൻ ചെയ്യുന്നതാണ്.

(ഡി) ഇക്കാര്യത്തിന് 14-10-1998-ന് ലഭിക്കത്തക്കവിധം സൂപ്രണ്ടിംഗ് എഞ്ചിനീയർ ടെണ്ടറുകൾ ക്ഷണിച്ചുവെങ്കിലും ടെണ്ടർ ഒന്നും കിട്ടിയില്ല. വീണ്ടും 11-1-1999 ൽ ടെണ്ടർ ക്ഷണിച്ചു. സാങ്കേതിക കാരണങ്ങളാൽ ചീഫ് എഞ്ചിനീയർ പുനർ ദർഘാസ് ക്ഷണിക്കുവാൻ തീരുമാനിച്ചു. 21-8-1999-ൽ പുനർ ടെണ്ടർ ക്ഷണിച്ചു. ലഭിച്ച ടെണ്ടറുകളുടെ ടെക്നിക്കൽ ബിൽ പരിശോധനയിലാണ്.

കോഴിക്കോട് ജില്ലയിൽ ജപ്പാന്റെ സഹായത്തോടെ ശുദ്ധജലവിതരണ പദ്ധതികൾ

28(931) ശ്രീ. എം. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിൽ ജപ്പാന്റെ സഹായത്തോടെ ശുദ്ധജല വിതരണം നടത്തുന്നതിനായി എന്തെങ്കിലും പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഇത് സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ&ബി) ഉണ്ട്. കോഴിക്കോട് നഗരത്തിനും സമീപത്തെ 16 ഗ്രാമങ്ങൾക്കും വേണ്ടി ഓവർസിസ് എക്ണോമിക് കോ-ഓപ്പറേഷൻ ഫണ്ട് (ഒ.ഇ.സി.എഫ്) ഇപ്പോൾ ജപ്പാൻ ബാങ്ക് ഓഫ് ഇന്റർനാഷണൽ കോ-ഓപ്പറേഷൻ ഫണ്ട് (ജെ.ബി.ഐ.സി)- ന്റെ സഹായത്തോടെ ഒരു പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നു. 1997 ഫെബ്രുവരിയിൽ ഇൻഡ്യാഗവൺമെന്റും ഒ.ഇ.സി.എഫ് ഇപ്പോൾ (ജെ.ബി.ഐ.സി) യുമായി ഉണ്ടാക്കിയ ഒരു കരാറിന്റെ അടിസ്ഥാനത്തിൽ മേൽ പദ്ധതി ഉൾപ്പെടെ 5 പദ്ധതികൾ നടപ്പാക്കാൻ വായ്പ ലഭിക്കും. കോഴിക്കോട് നഗരവും സമീപഗ്രാമങ്ങളായ നന്മണ്ട, കാക്കൂർ, കുന്ദമംഗലം, പെരുവയൽ, പെരുമണ്ണ, നരിക്കുനി, കുറുവത്തൂർ, ബാലുശ്ശേരി, ചേളന്നൂർ, ഏലത്തൂർ, കക്കോടി, തലകുളത്തൂർ, ഉള്ളവണ്ണ, "ചെറുവത്തൂർ നല്ലളം", ബേപ്പൂർ കടലുണ്ടി എന്നി 16 ഗ്രാമങ്ങളുമാണ് ഈ ശുദ്ധജലവിതരണ പദ്ധതിയുടെ പരിധിയിൽ വരുന്നത്. പദ്ധതിയുടെ അടങ്കൽ തുക 430.59 കോടി രൂപയാണ്. കരാർ അനുസരിച്ച് പദ്ധതിയുടെ നടത്തിപ്പിനുള്ള കൺസർട്ടന്റിനെ നിയമിക്കുന്നതിനുള്ള നടപടികൾ പൂർത്തിയാക്കേണ്ടതുണ്ട്. ഇതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. പ്രസ്തുത പദ്ധതിക്കുവേണ്ടിയുള്ള ഭൂമിയേറ്റെടുക്കൽ നടപടികൾ പുരോഗമിച്ചു വരുന്നു.

താവളപ്പാറ ശുദ്ധജലവിതരണ പദ്ധതി

29(932) ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly